(എ) താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികളെ വിപുലീകരിക്കുന്നതിനു ഈ സാമ്പത്തികവർഷത്തിൽ നീക്കിവച്ചതായ തുകയെത്ര ;

(ബി) വടകര താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയുടെ വികസനത്തിനു നീക്കിവച്ചതായ സംഖ്യയെത്ര ;

(സി) വടകര ആശുപത്രിയോടനുബന്ധിച്ച് നിർമ്മിക്കുവാനുദ്ദേശിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് ബ്ലാക്കിന്റെ പ്രവൃത്തി ആരംഭിച്ചുവോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ്നായർ) :

(എ) 4,09,500 രൂപ (നാലു ലക്ഷത്തിഒൻപതിനായിരത്തി അഞ്ഞൂറുരൂപ) :

(ബി) 40000 രൂപാ (നാൽപ്പതിനായിരം രൂപ)

(സി) ഇല്ല.

നോൺ പ്രാക്ടീസിംഗ് അലവൻസ് ലഭിക്കുന്ന മെഡിക്കൽ ഉദ്യോഗസ്ഥന്മാർ.

* 76. [25] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോൺ പ്രാക്ടീസിംഗ് അലവൻസുകൂടി ലഭിക്കുന്ന മെഡിക്കൽ ഉദ്യോഗസ്ഥന്മാർക്ക് പുറമേ പോയി സ്വകാര്യ ചികിത്സനടത്താൻ അനുവാദം ഗവണ്മെൻറ് നൽകാറുണ്ടോ :

(ബി) തിരുവനന്തപുരം മെഡിക്കൽ കാളേജിലെ റേഡിയോളജി പ്രഫസർക്ക് എത്രരൂപാ നോൺപ്രാക്ടീസിംഗ് അലവൻസ് നൽകുന്നു;

(സി) പുറമേയുള്ള സ്വകാര്യ ആശുപത്രികളിൽ പോയി പ്രതിഫലം പറ്റിക്കൊണ്ട് പ്രസ്തുത ഉദ്യോഗസ്ഥൻ ചികിത്സകളും നടത്തുന്നതായുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെപേരിൽ എന്തു നടപടികളും സ്വീകരിച്ചിട്ടുണ്ട്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) ഇല്ല.

(ബി) നൂറുരൂപാ പ്രതിമാസം നൽകുന്നുണ്ട്.

(സി, ഡി) ഇതുസംബന്ധിച്ച ഒരു Anonymons petition ഗവണ്മെൻറിനു കിട്ടിയിട്ടുണ്ട്. അതു അന്വേഷണത്തിലിരിക്കയാണു്.

ഒറീസ്സയിൽ നേഴ്സിംഗിനു പഠിക്കുന്ന കുട്ടികളെ ഉപദ്രവിച്ച പരാതി.

* 77. [26] ശ്രീ. ജി. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറീസ്സാ ബർളാ മെഡിക്കൽ കാളേജിൽ നെഴ്സിംഗ് ട്രെയിനിംഗിനു പഠിക്കുന്ന കേരളത്തിലെ പെൺകുട്ടികളെ 1963 ഡിസംബർ ഏഴാംതീയതി സാംബൽപൂർ റെയിൽവേസ്റ്റേഷനിൽവച്ച് ഒറീസ്സയിലെ കുട്ടികളും ഉപദ്രവിക്കാൻ ഇടയായ സാഹചര്യങ്ങളെപ്പറ്റിയും മറ്റും ഗവണ്മെൻറിനു് പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ. എം. ഫൈറിലിൻ എന്ന ഒരു കുട്ടിയുടെ പ്രസ്തുതസംഭവം സംബന്ധിച്ചുള്ള സങ്കടാപേക്ഷ ലഭിക്കുകയോ പ്രസ്താവന ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുകയോ ചെയ്തിട്ടുണ്ടോ ;

(സി) അതിന്മേൽ എന്തു നടപടിനടത്തി;

(ഡി) ഇത്തരംസംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ആ കുട്ടികൾക്കു വേണ്ട സംരക്ഷണം നൽകാനും ഏർപ്പാടുചെയ്യുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നടപടി എടുത്തുകൊണ്ടിരിക്കുന്നു.

(ഡി) സംഭവത്തിന്റെ വിശദവിവരങ്ങളെപ്പറ്റി അന്വേഷിച്ച് അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ വേണ്ടനടപടികൾ എടുത്തു വരുന്നു.

ആയുർവേദ ഡിസ്പെൻസറി.

* 78. [32] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തിക വർഷത്തിൽ എത്ര ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) ഒരു ആയുർവേദ ഡിസ്പെൻസറി സ്ഥാപിച്ചുകിട്ടണമെന്നു കാണിച്ച് കുണ്ടറ വില്ലേജിൽ നിന്നും വല്ല നിവേദനവും വന്നിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനെപ്പറ്റി അനുകൂലമായ ഒരു തീരുമാനമെടുക്കാൻ ദയവുണ്ടാകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) അടുത്ത സാമ്പത്തിക വർഷത്തിൽ (1964–65) 6 ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ട്.

(സി) അതായത് ഡിസ്ട്രിക്കിലെ ഡിസ്ട്രിക്ട് ഡവലപ്പ്മെൻറ് കൗൺസിലുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് പുതിയ ഡിസ്പെൻസറികളുടെ സ്ഥാനനിർണ്ണയം ചെയ്യുന്നത്. കോട്ടയം ഡിസ്ട്രിക്കിലെ ഡിസ്പെൻസറിക്ക് സ്ഥാനനിർണ്ണയം ചെയ്യുമ്പോൾ കുണ്ടറയുടെ കാര്യം കൂടി പരിഗണിക്കാം.

പുതിയ പോലീസ് സ്റ്റേഷനുകൾ.

* 79. [35] ശ്രീ. എൻ. കുഞ്ഞുരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഡിസ്ട്രിക്ടിൽ എത്ര പുതിയ പോലീസ് സ്റ്റേഷനുകൾ ഇക്കൊല്ലം തുറക്കാൻ നിശ്ചയിച്ചിട്ടുണ്ട്;

(ബി) വാമനപുരം വില്ലേജിൽ കല്ലറ ജംഗ്ഷന്റെ പ്രാധാന്യവും ആവശ്യവും ആസ്പദമാക്കി ഒരു ചാർജിംഗ് സ്റ്റേഷൻ ഉടനടി തുറക്കുവാൻ ഉത്തരവാകുമോ?

LIBRARY ARCHIVES Kerala Legislative Assembly